VIEWS OF

**AGARWAL & DHANDHANIA**

CHARTERED ACCOUNTANTS

# BUDGET

## 2025-26



## കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

# ബഡ്ജറ്റ് 2026-27

അവതരണം

കുരിയാക്കോസ് റ്റി കെ

വൈസ് പ്രസിഡന്റ്

&

ചെയർമാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

**2026 മാർച്ച് 03**

## ആമുഖം

ബഹുമാന്യരായ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഗ്രാമപഞ്ചായത്ത്, പ്രസിഡണ്ടുമാർ ,ർൻമാങ് കമ്മിറ്റി ചെയർമാബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡി , ,ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ ബ്ലോക്ക് പഞ്ചായത്തിലെയും ,ഹണ ഉദ്യോഗസ്ഥർനിർവ മറ്റ് ബഹുമാന്യ വ്യക്തികള ,ഘടകസ്ഥാപനങ്ങളിലെയും ജീവനക്കാർെ,

2026-27 സാമ്പത്തിക വർഷത്തിലേക്കുള്ള കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ബഡ്ജറ്റ് ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്.

പതിറ്റാണ്ടുകൾക്ക് മുമ്പ് കടന്തേരി എന്നറിയപ്പെടുന്ന ഒരു പ്രമുഖ വ്യാപാര കേന്ദ്രമായിരുന്നു കടുത്തുരുത്തി. നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ടിരുന്ന സ്ഥലമായിരുന്നെന്നും പിന്നീടത് കരയായപ്പോൾ കടൽത്തുരുത്തായെന്നും കാലാന്തരത്തിൽ അത് ലോപിച്ച് കടുത്തുരുത്തിയായി എന്നുമാണ് പറയപ്പെടുന്നത്.

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിന്റെ കിഴക്ക് ഭാഗത്തായി 187.75 ച. കി. മീ വിസ്തൃതിയിൽ വ്യാപിച്ച് കിടക്കുന്ന ഈ പ്രദേശം സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയർന്നതും കുന്നുകളും താഴ്വരകളും ചെരിവുകളും സമതലങ്ങളും പാടശേഖരങ്ങളും കൊണ്ട് പ്രകൃതി മനോഹരമായ ഭൂപ്രദേശമാണ് കടുത്തുരുത്തി ബ്ലോക്ക്.

2-11-22025 തീയതി നിലവിൽ വന്ന ഭരണസമിതിയുടെ ആദ്യ ബഡ്ജറ്റ് നടപ്പ് വർഷം 100% എന്ന ലക്ഷ്യത്തോടെയാണ് രൂപീകരിച്ച് മുന്നേറുന്നത്.

ഏകദേശം 40 ഓളം ആരാധനാലയങ്ങളാൽ മതസൗഹാർദ്ദത്തിന് പേരുകേട്ട പുരാതന പ്രസിദ്ധമായ മുളക്കുളം ഗ്രാമപഞ്ചായത്ത്, സുലഭമായി നെല്ല് ലഭിക്കുന്ന കല്ലറ ഗ്രാമപഞ്ചായത്ത്, വിഭിന്ന ഭൂപ്രകൃതിയാൽ സമ്പുഷ്ടമായ ഞീഴൂർ ഗ്രാമപഞ്ചായത്ത്, വിശ്വ പ്രസിദ്ധ മലയാള നോവലിസ്റ്റ് വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മനാടായ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്, കെ പി പി എൽ, റബ്ബർ പാർക്ക് എന്നീ പ്രമുഖ വ്യവസായ സ്ഥാപനങ്ങളാൽ കേൾവികേട്ട വെള്ളൂർ ഗ്രാമപഞ്ചായത്ത്, തളിയിൽ മഹാദേവക്ഷേത്രത്താൽ ചരിത്രപ്രസിദ്ധമായ കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് എന്നീ 6 ഗ്രാമപഞ്ചായത്തുകൾ ചേർന്നതാണ് 14 ഡിവിഷനുകളുള്ള കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്.

സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാര്യക്ഷമതയും, നീതി പൂർവ്വകവും, നിയമവാഴ്ചയിൽ അധിഷ്ഠിതമായ ഒരു ഭരണം കാഴ്ചവയ്ക്കുന്ന ഈ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് 9 ഘടക സ്ഥാപനങ്ങൾ ഉണ്ട് . എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, ക്ഷീര വികസന ഓഫീസ്, ശിശു വികസന ഓഫീസ്, പട്ടികജാതി വികസന ഓഫീസ്, തലയോലപ്പറമ്പ് ,അറുന്നൂറ്റിമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, വ്യവസായ വികസന ഓഫീസറുടെ കാര്യാലയം, സീനിയർ വെറ്റിനറി ഓഫീസറുടെ കാര്യാലയം തുടങ്ങിയവയാണ് അവ. ഈ സ്ഥാപനത്തിന്റെ അധികാരപരിധിയിൽ അശരണരായ ഏതാനും സ്ത്രീകൾക്ക് അഭയ കേന്ദ്രമായി ഒരു മഹിളാമന്ദിരവും കല്ലറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## ബഡ്ജറ്റ് വിശദാംശങ്ങൾ മേഖല തിരിച്ച്

വികേന്ദ്രീകൃതാസൂത്രണത്തിലൂടെ ലഭിക്കുന്ന പദ്ധതി വിഹിതങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന തുകയും ഉൾപ്പെടുത്തി ഉൽപാദനം, സേവനം, പശ്ചാത്തലം എന്നീ മേഖലകളിൽ ഏറെ പ്രയോജനപ്രദമായ പദ്ധതികൾ ഏറ്റെടുത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യം വെച്ചുകൊണ്ടാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### ഉത്പാദനം

#### കാർഷിക മേഖലയും ക്ഷീര വികസനവും

ലഭ്യമായ പ്രകൃതി വിഭാഗങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ ശരിയായ പരിപോഷണത്തിലൂടെയും വിനിയോഗത്തിലൂടെയും മാത്രമേ മനുഷ്യരാശിക്ക് നിലനിൽപ്പുള്ളൂ

ഭക്ഷ്യോൽപദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്ന തരത്തിൽ നെല്ല്, തെങ്ങ് എന്നിവയുടെയും മറ്റ് ധാന്യങ്ങളുടെയും പച്ചക്കറി കൃഷിയുടെയും പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പദ്ധതികൾക്കായി 57ലക്ഷംരൂപ വകയിരുത്തിയിട്ടുണ്ട്. ഉൽപാദന ചെലവിൽ ഉണ്ടാകുന്ന അമിതവർദ്ധനവും ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതും മുൻകാലങ്ങളിൽ കാർഷിക മേഖലയുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായിട്ടുള്ളതിനാൽ പാടശേഖരത്തിലേക്ക് ജലസേചനത്തിനായി മോട്ടോർ സ്ഥാപിക്കുന്നതിനായി 10 ലക്ഷം രൂപയും പാടശേഖരങ്ങൾക്ക് പെട്ടിപറ എന്ന പദ്ധതിക്കായി 6 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇത് കാലാവസ്ഥ വ്യതിയാനം മൂലം കാർഷിക മേഖലയിൽ വന്ന ജലക്ഷാമം പരിഹരിക്കുന്നതിലൂടെ കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും ഉതകുമെന്ന് വിശ്വസിക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തി മണ്ണ്- ജലസംരക്ഷണത്തിനും അതുവഴി കാർഷിക മേഖലയ്ക്കും അഭിവൃദ്ധി ഉണ്ടാകുന്നതിന് സാധിച്ചിട്ടുണ്ട്.

ഗൃഹശ്രീ വനിതകൾക്കുള്ള പദ്ധതി എന്ന പദ്ധതി ഏറ്റെടുക്കുക വഴി 10 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് വനിതകളുടെ ക്ഷേമത്തിന് മുൻതൂക്കം നൽകിയിട്ടുണ്ട്.

രോഗം ബാധിച്ച തെങ്ങ് ഇന്ന് സർവ്വസാധാരണമാണ് .മണ്ഡരി രോഗവും കാറ്റുവീഴ്ച മൂലവും രോഗം ബാധിച്ച് ഉത്പാദനക്ഷമത നശിച്ച തെങ്ങുകൾ മുറിച്ച് മാറ്റി രോഗപ്രതിരോധശേഷിയും അത്യുൽപ്പാദനശേഷിയുമുള്ളതുമായ തെങ്ങിൻ തൈകൾ നട്ട് കേരകർഷകർക്ക് താങ്ങും തണലുമാകുന്ന പദ്ധതിയ്ക്ക് വേണ്ടി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിവിധ കൃഷിയിടങ്ങളിലെ കീടരോഗ നിയന്ത്രണ പരിപാടികൾക്കായി 10 ലക്ഷം രൂപയുടെ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

ഒരു സമീകൃതാഹാരമെന്ന നിലയിൽ പാലും പാലുൽപ്പന്നങ്ങളും മുൻകാലങ്ങളിലും വിപണിയിലെ മാറ്റങ്ങൾ ഉൾക്കൊണ്ട് കാലാനുസൃതമായും ഒട്ടേറെ തൊഴിൽദായക സംരംഭങ്ങൾക്ക് ഇന്നും സാധ്യതകളുണ്ട്. പാലും മുട്ടയും മാംസവും തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്നതിനും അവയുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനത്തിന്റെ പ്രോത്സാഹനത്തിനുമായി വനിതാ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി തുക ഉൾക്കൊള്ളിച്ചിട്ടുണ്ട് .ഏറെ തൊഴിൽ സാധ്യതകൾ ഉള്ള ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് കുടുംബത്തിലെ ആരോഗ്യ പരിപാലകരായ വനിതകൾക്കായി തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് 10 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാർഷിക വികസനം മൃഗസംരക്ഷണം ക്ഷീരവികസനം എന്നീ മേഖലകളിലെ വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധിതമായി രൂപാന്തരപ്പെടുത്തി അവയുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ രൂപീകരിക്കും. നൂതന ശാസ്ത്രസാങ്കേതിക ഉപാധികൾ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് യുവാക്കൾക്ക് ധനസഹായം നൽകു തിനുതകുന്ന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ മുൻകാലങ്ങളിൽ ഉണ്ടായിരുന്നതുപോലെ ക്ഷീരകർഷകർക്ക് പ്രോത്സാഹനമായി പാലിന് സബ്സിഡിയും കാലിത്തീറ്റ സബ്സിഡിയും നൽകുന്നതിന് 25 ലക്ഷം രൂപയുടെ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. കൃഷി നിലനിർത്തിക്കൊണ്ട് പോകുന്നവരെ സഹായിക്കുന്നതിനായി സ്ഥിരം കൃഷി പ്രോത്സാഹനം എന്ന പദ്ധതിയ്ക്ക് വേണ്ടി 2 ലക്ഷം രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ആകെ ലഭ്യമായ ഫണ്ടിന്റെ 18% തുക ഉൽപ്പാദന മേഖലയ്ക്ക് വേണ്ടി വകയിരുത്തിയിട്ടുണ്ട്.

## സേവനം

### പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പരിപാടികൾ

സമൂഹത്തിലെ ന്യൂനപക്ഷ വിഭാഗക്കാരായ പട്ടികജാതി പട്ടികവർഗ്ഗ ജനതയുടെ ഉന്നമനത്തിനായി ഭവന നിർമ്മാണം ,പഠനം മുറി ,മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ എന്നീ പദ്ധതികൾക്ക് വേണ്ടി 31 ലക്ഷത്തോളം വിഹിതം വകയിരുത്തിയിട്ടുണ്ട്.

## വൃദ്ധക്ഷേമ പരിപാടികൾ

**"അനുഭവം മഹാഗുരു"**

ഇന്നത്തെ വേഗം ഏറിയതും സങ്കിർണ്ണതകൾ നിറഞ്ഞതുമായ ജീവിത സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന യുവതലമുറയെ ചേർത്ത് നിർത്താനും ജീവിത മൂല്യങ്ങ പകർന്നു നൽകാനും പഴയ തലമുറയിലെ അനുഭവസമ്പത്തുള്ളവരുടെ സഹായവും അനുഗ്രഹവും കൂടിയേ തീരൂ. അവരുടെ ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിന് വേണ്ടി 65 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്കുള്ള "സ്വാസ്ഥ്യം" എന്ന പദ്ധതിക്ക് വേണ്ടി 5 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട് കൂടാതെ "വയോമിത്രം" പദ്ധതിക്ക് വേണ്ടി 10 ലക്ഷം രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ പരിപാടികൾ

യു പി – ഹയർസെക്കൻഡറി സ്കൂൾ പെൺകുട്ടികൾക്ക് ഷീപ്പാഡ് യൂണിറ്റ്, അനുപൂരക പോഷകാഹാര വിതരണം, അംഗൻവാടികൾക്ക് സ്ഥലം വാങ്ങൽ എന്നീ പദ്ധതികൾക്കായി 26 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## സ്പോട്സ് യുവജനക്ഷേമം കല സംസ്കാരം

വളർന്നുവരുന്ന കുട്ടികളും യുവതലമുറയുമാണ് നാടിന്റെ ഭാവി വാഗ്ദാനങ്ങൾ. വിദ്യാഭ്യാസ സമ്പന്നരായ ജനതയെ വളർത്തിയെടുക്കുന്നതിനോടൊപ്പം അവരുടെ കായിക ശേഷിക്കും അഭിരുചികൾക്കും മതിയായ പ്രാധാന്യം നൽകി അവ വികസിപ്പിച്ചെടുക്കുന്നതിന് വേണ്ടി വിവിധ പദ്ധതികൾക്കായി 6.5 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ആരോഗ്യപരിരക്ഷ പരിപാടികൾ

ഒരു നാടിന്റെ നാനാവിധത്തിലുള്ള അഭിവൃദ്ധി അവിടെയുള്ള ആരോഗ്യ സമ്പന്നരായ ജനതയുടെ കൈകളിലാണ് കടുത്തുരുത്തി ബ്ലോക്കിന്റെ കീഴിലുള്ള ആറ്റുന്ത്യറ്റിമംഗലം സി എച്ച് സി തലയോലപ്പറമ്പ് സി എച്ച് സി എന്നിവ വഴി ജനങ്ങൾക്ക് ഗുണമേന്മയേറിയ സേവനങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതിവിഹിതമായി 84 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കുടിവെള്ള പദ്ധതികൾ

**'ജലമില്ലെങ്കിൽ ജീവനില്ല'**

കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ ഇടുക്കമറ്റം വള്ളിക്കാഞ്ഞിരം കുടിവെള്ള പദ്ധതി ചിറപ്പുറം സ്വരുമ കുടിവെള്ള പദ്ധതി ഞീഴൂർ ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരക്കാട്ട് ഊന്ന്  കല്ല് കുടിവെള്ള പദ്ധതി, കപിക്കാട് കുടിവെള്ള പദ്ധതി എന്നിവയ്ക്കെല്ലാം  കൂടി ആകെ 32 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായും ഗ്രാമവണ്ടി അത് ദാരിദ്രനിർമ്മാർജ്ജനം എന്നീ പദ്ധതികൾക്ക് വേണ്ടിയും ഓഫീസ് പ്രവർത്തനങ്ങളഅ കൂടുതൽ മികവുറ്റതും സുതാര്യമായതും ക്രിയാത്മകവുമാക്കുന്നതിനു വേണ്ടിയും ബഡ്ജറ്റ് തുകയായി 42 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ആകെ ലഭ്യമാകുന്ന ഫണ്ടിന്റെ 59 ശതമാനം തുക സേവന മേഖലയി® ഉ® കൊള്ളിച്ചിട്ടുണ്ട്.

## പശ്ചാത്തലം

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് വൃത്തിയുള്ള റോഡുകളും തോടുകളും ചന്തകളും മാലിന്യമുക്തമായതും ശുചിത്വമുള്ളതുമായ പരിസ്ഥിതി ജനസൗഹാർദ്ദപരമായ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ ആധുനിക സംവിധാനങ്ങളോടും കൂടിയതും ജനസൗഹാർദ്ദമായ സർക്കാർ ഓഫീസുകൾ എന്നിവ അത്യന്താപേക്ഷിതമാണ് . ആയതിനാൽ റോഡ് ടാറിങ് ഡ്രൈനേജ് നിർമ്മാണം ,കലുങ്ക് നിർമ്മാണം, റോഡ് പുനരുദ്ധാരണം, എന്നിങ്ങനെ റോഡുകളുടെ സംരക്ഷണ പ്രവൃത്തികൾക്കും വിവിധ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണത്തിനായും, തലയോലപ്പറമ്പ് ഹോമിയോ ആശുപത്രി കോമ്പൗണ്ടിൽ ശൗചാലയം നിർമ്മിക്കാനും, മത്സ്യ മാർക്കറ്റ് നവീകരണത്തിനായും, എസ് സി സങ്കേതങ്ങളുടെ വികസനത്തിനും തുക വകയിരുത്തിയിട്ടുണ്ട്. ഇവയ്ക്ക് പുറമേ ബ്ലോക്ക് പഞ്ചായത്ത് കവാടത്തിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനും സൗന്ദര്യവൽക്കരണം നടത്തുന്നതിനും കാന്റീൻ ആരംഭിക്കുന്നതിനും, ബ്ലോക്ക് പഞ്ചായത്തിന് ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനും ബഡ്ജറ്റിൽ 30 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആകെ പദ്ധതിൽ വകയിരുത്തിയിട്ടുണ്ട്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മണ്ണും ജലവും സംരക്ഷിക്കുകവഴി പ്രകൃതിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും സസ്യജീവജാലങ്ങളുടെ സംരക്ഷണം,അടിസ്ഥാന സൗകര്യവികസനം എന്നിവ ഉറപ്പുവരുത്താനും ലക്ഷ്യമാക്കിയുള്ള കേന്ദ്രവിഷ്കൃത പദ്ധതിയാണിത് .

ഗ്രാമീണ ജനതയ്ക്ക് ഉപജീവനം ഉറപ്പുവരുത്തുകവഴി അവരുടെ അവകാശങ്ങളെ സംരക്ഷിക്കുക കൂടിയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ലേബർ ബജറ്റ് പ്രകാരം കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന് 4 കോടി 27 ലക്ഷം രൂപയും, കല്ലറ ഗ്രാമപഞ്ചായത്തിന് 3.5 കോടി രൂപയും, മുളക്കുളം ഗ്രാമപഞ്ചായത്തിന് 2കോടി 98 ലക്ഷം രൂപയും, ഞീഴൂർ ഗ്രാമപഞ്ചായത്തിന് 2 കോടി 94 ലക്ഷം രൂപയും, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന് 4 കോടി 18 ലക്ഷം രൂപയും, വെള്ളൂർ ഗ്രാമപഞ്ചായത്തിന് 4 കോടി 07 ലക്ഷം രൂപയും നീക്കിവെച്ചിട്ടുണ്ട് .ഇത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമീണ ജനങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ നിയമപരമായി ഉറപ്പാക്കുന്നതിനോടൊപ്പം 356667 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനുമായി 22 കോടി 57 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു.

## ജനറൽ പർപ്പസ് ഫണ്ട്

പരമ്പരാഗത ചുമതലകൾക്കായി ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 88 ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു.

## എം എൽ എ -എം പി ഫണ്ട്

നാടിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് എം എൽ എ -എം പി മാരുടെ പ്രാദേശിക വികസന പദ്ധതിയിൽപ്പെടുത്തി 2 കോടി 50 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വരവ് പ്രതീക്ഷിക്കുന്നു.

മുകളിൽ സൂചിപ്പിച്ച പദ്ധതികളുടെ വിശദമായ വിവരങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട് വിശദമായ ചർച്ചകൾ പ്രതീഷിച്ചുകൊണ്ടും സഭാംഗങ്ങളുടെ സഹായ സഹകരണങ്ങൾ പ്രതീഷിച്ചുകൊണ്ടും ആകെ പതിമൂന്ന് കോടി എഴുപത് ലക്ഷത്തി അറുപതിനായിരത്തി ഇരുന്നൂറ്റി അൻപത്തിരണ്ട് (137060252/-) രൂപ വരവും പതിമൂന്ന് കോടി പതിനേഴ് ലക്ഷത്തി മുപ്പത്തി മൂവായിരത്തി അറുന്നൂറ്റി അൻപത് (131733650/-) രൂപ ചെലവും അൻപത്തിമൂന്ന് ലക്ഷത്തി ഇരുപത്തി ആറായിരത്തി അറുന്നൂറ്റിരണ്ട് (5326602/-) രൂപ മിച്ചവും പ്രതീക്ഷിക്കുന്ന കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തിലെ വാർഷിക ബജറ്റ് ചർച്ചയ്ക്കും അംഗീകാരത്തിനുമായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

വൈസ് പ്രസിഡന്റ്

# കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

## 2026-27 ബജറ്റ്

## സംഗ്രഹം

| 2026-27 സാമ്പത്തിക വർഷം കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് പദ്ധതി വിഹിതമായി ലഭ്യമാകുന്ന ഫണ്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു | |
|---|---|
| വികസന ഫണ്ട് | 35031000 |
| വികസന ഫണ്ട് പ്രത്യേക ഘടക പദ്ധതി | 16474000 |
| വികസന ഫണ്ട് പട്ടിക വർഗ്ഗ ഉപ പദ്ധതി | 68000 |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് ബേസിക് ഗ്രാന്റ് | 4184000 |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 6276000 |
| ആകെ വികസന ഫണ്ട് | 62033000 |
| കൂടാതെ | |
| സംരക്ഷണ ചെലവ് റോഡിതരം ഫണ്ട് | 14956000 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 887000 |

| ക്രമ നം | ഇനവിവരം | കണക്ക് കഴിഞ്ഞ വർഷം 2024-25 | പുതുക്കിയ ബജറ്റ് 2025-26 | ബജറ്റ് എസ്റ്റിമെറ്റ് 2026-27 |
|---|---|---|---|---|
| | പ്രാരംഭബാക്കി | 3087633 | 2409447 | 2477252 |
| 1 | നികുതിയേതര വരവുകൾ | 1257840 | 1279500 | 1013000 |
| 2 | ജനറൽ പർപ്പസ് ഫണ്ട് | 7917600 | 8866800 | 8870000 |
| 3 | റവന്യൂ വരവുകൾ (ഗ്രാന്റ് —ഇൻ - എയ്ഡ് /കേന്ദ്ര ഫണ്ട് ഉൾപ്പടെ) | 85609882 | 126073302 | 124550000 |
| 4 | ഡെപ്പോസിറ്റ് വരവ് | 595300 | 100000 | 150000 |
| | ആകെ വരവ് | 98468255 | 138729049 | 137060252 |
| 5 | റവന്യൂ ചെലവുകൾ (അനിവാര്യ ചുമതലകൾക്ക്) | 6661320 | 6801050 | 7580650 |
| 6 | റവന്യൂ ചെലവുകൾ(പ്ലാൻ ) | 88802188 | 136151797 | 124003000 |
| 7 | ഡെപ്പോസിറ്റ് മടക്കി നൽകൽ | 595300 | 100000 | 150000 |
| **ആകെ ചെലവുകൾ** | | **96058808** | **136251797** | **131733650** |
| **നീക്കി ബാക്കി** | | **2409447** | **2477252** | **5326602** |

# വരവുകൾ

## നികുതിയേതര വരവുകൾ

| ക്രമ നം | ഇനവിവരം | കണക്ക് കഴിഞ്ഞ വർഷം 2024-25 | പുതുക്കിയ ബജറ്റ് 2025-26 | ബജറ്റ് എസ്റ്റിമെറ്റ് 2026-27 |
|---|---|---|---|---|
| 1 | സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 3330 | 29000 | 50500 |
| 2 | ടെണ്ടർ ഫോറം വിൽപ്പന | 1110 | 6700 | 7500 |
| 3 | ഉപയോഗശൂന്യമായ വസ്തുക്കളുടെ വില്പന | 160800 | 300000 | 350000 |
| 4 | ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവുകൾ | 42600 | 10000 | 15000 |
| 5 | മറ്റുള്ളവ | 1050000 | 523692 | 590000 |
| ആകെ | | 1257840 | 1279500 | 1013000 |

## ജനറൽ പർപ്പസ് ഫണ്ട്

| ക്രമ നം | ഇനവിവരം | കണക്ക് കഴിഞ്ഞ വർഷം 2024-25 | പുതുക്കിയ ബജറ്റ് 2025-26 | ബജറ്റ് എസ്റ്റിമെറ്റ് 2026-27 |
|---|---|---|---|---|
| 1 | ജനറൽ പർപ്പസ് ഫണ്ട് | 7917600 | 8866800 | 8870000 |

## റവന്യൂ വരവുകൾ ഗ്രാന്റ് ഇൻ എയ്ഡ് /കേന്ദ്ര ഫണ്ട് ഉൾപ്പടെ

### I.കേന്ദ്രവിഷ്കൃത പദ്ധതി വരവുകൾ

| ക്രമ നം | ഇനവിവരം | കണക്ക് കഴിഞ്ഞ വർഷം 2024-25 | പുതുക്കിയ ബജറ്റ് 2025-26 | ബജറ്റ് എസ്റ്റിമെറ്റ് 2026-27 |
|---|---|---|---|---|
| 1 | പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ ( പി എം എ വൈ) | 2028000 | 78000000 | 20000000 |
| 2 | ഹെൽത്ത് ഗ്രാൻന്റ് | 4914243 | 0 | 0 |
| 3 | മറ്റ് സ്കീമുകൾ | 562400 | 0 | 0 |
| | ആകെ കേന്ദ്രാവിഷ്കൃത വരവുകൾ | 8404643 | 78000000 | 20000000 |

II.വികസന ഫണ്ട്(മെയിന്റനൻസ് ഫണ്ട്)

| ക്രമ നം | ഇനവിവരം | കണക്ക് കഴിഞ്ഞ വർഷം 2024-25 | പുതുക്കിയ ബജറ്റ് 2025-26 | ബജറ്റ് എസ്റ്റിമെറ്റ് 2026-27 |
|---|---|---|---|---|
| 1 | ജനറൽ | 25461000 | 29428000 | 35031000 |
| 2 | എസ് സി പി | 13842000 | 16059533 | 16474000 |
| 3 | പട്ടികവർഗ്ഗം | 62100 | 67000 | 68000 |
| 4 | സി എഫ് സി ബേസിക് ഗ്രാൻറ് | 4311759 | 5044260 | 4184000 |
| 5 | സി എഫ് സി പ്രത്യേക ഉദ്ദേശ ഗ്രാൻറ് | 9655008 | 7202509 | 6276000 |
| 6 | മെയിന്റനൻസ് ഗ്രാന്റ് | 16630020 | 16761000 | 14956000 |
| | ആകെ വികസന ഫണ്ട് വരവ് | 69961867 | 74562302 | 60515000 |

III. മറ്റ് ഗ്രാന്റുകളും ഫണ്ടുകളും

| ക്രമ നം | ഇനവിവരം | കണക്ക് കഴിഞ്ഞ വർഷം 2024-25 | പുതുക്കിയ ബജറ്റ് 2025-26 | ബജറ്റ് എസ്റ്റിമെറ്റ് 2026-27 |
|---|---|---|---|---|
| 1 | എം. പി. എൽ. എ. ഡി. എസ് | 3500000 | 8275000 | 8500000 |
| 2 | എം. എൽ. എ. എസ്. ഡി. എഫ് | 3547372 | 5601000 | 6000000 |
| 3 | ഇലക്ഷൻ ഫണ്ട് | 0 | 300000 | 0 |
| | ആകെ | 7047372 | 14176000 | 14500000 |

## IV സംയോജിത പദ്ധതികൾക്കുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം

| ക്രമ നം | ഇനവിവരം | കണക്ക് കഴിഞ്ഞ വർഷം 2024-25 | പുതുക്കിയ ബജറ്റ് 2025-26 | ബജറ്റ് എസ്റ്റിമെറ്റ് 2026-27 |
|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് വിഹിതം | 0 | 14100000 | 14100000 |
| 2 | ജില്ലാ പഞ്ചായത്ത് വിഹിതം | 196000 | 10935000 | 10935000 |
| 3 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 4500000 | 4500000 |
| | ആകെ | 196000 | 29535000 | 29535000 |

ഡെപ്പോസിറ്റ് വരവ്

| ക്രമ നം | ഇനവിവരം | കണക്ക് കഴിഞ്ഞ വർഷം 2024-25 | പുതുക്കിയ ബജറ്റ് 2025-26 | ബജറ്റ് എസ്റ്റിമെറ്റ് 2026-27 |
|---|---|---|---|---|
| 1 | നിരതദ്രവ്യം | 100000 | 0 | 0 |
| 2 | സെക്യൂരിറ്റി നിക്ഷേപം | 30000 | 0 | 0 |
| 3 | റിട്ടെൻഷൻ | 226300 | 100000 | 150000 |
| 4 | വർക്ക് ബിൽ റിക്കവറി | 234000 | 0 | 0 |
| 5 | മറ്റുള്ളവ | 5000 | 0 | 0 |
| | ആകെ | 595300 | 100000 | 150000 |

17

| ക്രമ നം | ഇനവിവരം | കണക്ക് കഴിഞ്ഞ വർഷം 2024-25 | പുതുക്കിയ ബജറ്റ് 2025-26 | ബജറ്റ് എസ്റ്റിമെറ്റ് 2026-27 |
|---|---|---|---|---|
| 1 | ഒട്ടാകെ | 85609882 | 126073302 | 124550000 |

# 2026-27 ബഡ്ജറ്റ്

## ചെലവുകൾ

### പ്ലാൻ റവന്യൂ ചെലവുകൾ

ഉല്പാദനം

| ക്രമ നം | ഇനവിവരം | കണക്ക് കഴിഞ്ഞ വർഷം 2024-25 | പുതുക്കിയ ബജറ്റ് 2025-26 | ബജറ്റ് എസ്റ്റിമെറ്റ് 2026-27 |
|---|---|---|---|---|
| 1 | കാർഷിക വികസന പരിപാടികൾ | 3382468 | 4135000 | 5700000 |
| 2 | കൃഷി അനുബന്ധ സൌകര്യങ്ങ | 2905000 | 2600000 | 1000000 |
| 3 | ക്ഷീര വികസന മേഖലമൃഗ സംരംഭം | 1928961 | 5500000 | 2500000 |
| 4 | പരമ്പരാഗത തൊഴിലുകൾ/സ്വയം തൊഴിലുകൾ | 1524500 | 2400000 | 2400000 |
| | ആകെ | 9740929 | 14635000 | 11600000 |

# സേവനം

| ക്രമ നം | ഇനവിവരം | കണക്ക് കഴിഞ്ഞ വർഷം 2024-25 | പുതുക്കിയ ബജറ്റ് 2025-26 | ബജറ്റ് എസ്റ്റിമെറ്റ് 2026-27 |
|---|---|---|---|---|
| 1 | വൃദ്ധക്ഷേമ പരിപാടികൾ | 2150000 | 1585420 | 2750000 |
| 2 | സ്ത്രീകളുടെയും കുട്ടികളുൾ | 6400000 | 4504700 | 1600000 |
| 3 | സ്പോട്സ്: യുവജനക്ഷേമം -കല, സംസ്കാരം | 3350000 | 2901399 | 1350000 |
| 4 | പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ ക്ഷേമപരിപാടികൾ | 8438000 | 6100000 | 3718000 |
| 5 | ആരോഗ്യ പൾ | 5446000 | 9522294 | 8400000 |
| 6 | ശുചിത്വം, മാലിന്യ സംസ്കരണം | 4998905 | 2938000 | 2500000 |
| 7 | കുടിവെള്ള പദ്ധതികൾ | 5292016 | 1148355 | 3200000 |
| 8 | ഭവന നിർമ്മാണം | 7000000 | 32437397 | 18500000 |
| 9 | ഗ്രാമവണ്ടി | 4550246 | 0 | 2400000 |
| 10 | ക്രിയാത്മകമായ ഓഫീസ് പ്രവർത്തനങ്ങൾക്ക് സൗകര്യം ഒരുക്കങ്ങൾ | 8401551 | 1031549 | 4350000 |
| 11 | ശാരീരിക മാനസിക വെല്ലുവിളികണ്ട നേരിടുന്നവർക്കുള്ള പരിപാടികൾ | 1000000 | 1500000 | 1700000 |
| 12 | അതിദാരിദ്ര്യം ഇല്ലാതാക്കുന്ന പരിപാടി | 0 | 0 | 300000 |
| 13 | ടൂറിസം | 0 | 300000 | 0 |
| | **ആകെ** | **58027516** | **63969114** | **50768000** |

**പശ്ചാത്തലം**

| ക്രമ നം | ഇനവിവരം | കണക്ക് കഴിഞ്ഞ വർഷം 2024-25 | പുതുക്കിയ ബജറ്റ് 2025-26 | ബജറ്റ് എസ്റ്റിമെറ്റ് 2026-27 |
|---|---|---|---|---|
| 1 | റോഡ് | 7580543 | 5973533 | 3000000 |
| 2 | ഡ്രൈനേജ് /മാർക്കറ്റ് /ടോയ് ലെറ്റ് /ആർ ആർ എഫ് എന്നി ശുചിത്വ സംരക്ഷണ പ്രവർത്തികൾ | 2200000 | 3675100 | 3600000 |
| 3 | കുളിക്കടവ് നിർമ്മാണം | 500000 | 600000 | 500000 |
| 4 | പാർശ്വഭിത്തി നിർമ്മാണം | 1330664 | 2900000 | 2500000 |
| 5 | ഘടകസ്ഥാപനങ്ങളുടെ നവീകരണം | 5830634 | 7143050 | 500000 |
| 6 | ബസ് കാത്തിരിപ്പ് കേന്ദ്രം | 305000 | 2800000 | 2500000 |
| 7 | മറ്റ് നിർമ്മാണ പ്രവൃത്തികൾ | 2330664 | 280000 | 5000000 |
| **ആകെ** | | **21033743** | **23371683** | **17600000** |

# 21

# അനിവാര്യ ചുമതല ചെലവുകൾ

| ക്രമ നം | ഇനവിവരം | കണക്ക് കഴിഞ്ഞ വർഷം 2024-25 | പുതുക്കിയ ബജറ്റ് 2025-26 | ബജറ്റ് എസ്റ്റിമെറ്റ് 2026-27 |
|---|---|---|---|---|
| 1 | കരാർ ജീവനക്കാരുടെ വേതനം | 574590 | 600000 | 700000 |
| 2 | ടെലിഫോൺറ്റ് ർനെഇൻറ/ ചിലവ് | 71596 | 45000 | 50000 |
| 3 | ഘടകസ്ഥാപന വാട്ടർ ചാർജ് | 6850 | 5000 | 7000 |
| 4 | തപാൽ ചാർജ് | 3000 | 6000 | 7000 |
| 5 | ഗ്രാമസഭ സഭ വാർഡ്, ചെലവുകൾ | 22000 | 7500 | 8000 |
| 6 | ഓഫീസിലേയും ഘടകസ്ഥാപനങ്ങളിലേയും വൈദ്യുതി ചാർജ് | 127425 | 125000 | 131250 |
| 7 | സെമിനാർ & വർക്ക്ഷോപ്പുകൾ | 44200 | 48000 | 50000 |
| 8 | വാട്ടർ ചാർജ്ഓഫീസ്- | 10000 | 22000 | 23100 |
| 9 | കേരളോത്സവം | 100265 | 40000 | 50000 |
| 10 | വാഹനങ്ങളുടെ റിപ്പയറിംഗുംമെയിന്റനൻസും | 31520 | 30000 | 50000 |
| 11 | വേതനം | 192000 | 200000 | 210000 |
| 12 | പഞ്ചായത്ത് ദിനാഘോഷം | 70000 | 75000 | 75000 |
| 13 | ജനപ്രതിനിധികളുടെ ഓണറേറിയം | 2021600 | 1840000 | 1987200 |
| 14 | മറ്റ് ഭരണചിലവുകൾ | 330000 | 330000 | 380000 |
| 15 | സ്ഥിരം ജീവനം-യാത്രാചിലവ് | 11375 | 5000 | 6000 |
| 16 | ഓഫീസ് അറ്റകുറ്റപ്പണി | 60661 | 65000 | 70000 |
| 17 | ഇന്ധന ചെലവ് | 580560 | 250000 | 600000 |

| | | | | |
|---|---|---|---|---|
| 18 | സംരക്ഷണവും അറ്റകുറ്റപ്പണികളും ജംഗമ ആസ്തികൾ (വാഹനം) | 5950 | 9850 | 10000 |
| 19 | പത്രപരസ്യം | 252000 | 175000 | 190000 |
| 20 | ഭക്ഷണ ചെലവ് | 120835 | 150000 | 160000 |
| 21 | സൈസ്റ്റഫന്റ് | 232000 | 121000 | 133100 |
| 22 | മെമ്പർമാർക്കുള്ള സിറ്റിംഗ് ഫീ | 268230 | 100000 | 270000 |
| 23 | തൊഴിലുറപ്പ് കരാർ ജീവനക്കാർക്കുള്ള അഡ്വാൻസ് | 689650 | 700000 | 735000 |
| 24 | സ്റ്റേഷനറി ചെലവ് | 68590 | 146000 | 160000 |
| 25 | മെമ്പർഷിപ്പ് ആൻഡ് സബ്സ്ക്രിപ്ഷൻ | 9000 | 25000 | 30000 |
| 26 | വാഹനങ്ങളുടെ ഇൻഷ്വറൻസ് | 45700 | 48000 | 50000 |
| 27 | ഉത്സവ ചെലവ് | 30000 | 150000 | 160000 |
| 28 | ജനപ്രതിനിധികൾക്കുള്ള അലവൻസുകൾ | 170908 | 200000 | 250000 |
| 29 | മറ്റ് ധനകാര്യ ചെലവുകൾ | 516765 | 1357550 | 1028000 |
| ആകെ | | 6661320 | 6801050 | 7580650 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| നമ്പർ | ഗ്രാമപഞ്ചായത്ത് | സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം | എസ്റ്റിമേറ്റ് തുക |
|---|---|---|---|
| 1 | കടുത്തുരുത്തി | 69388 | 42673620 |
| 2 | കല്ലറ | 56810 | 34938150 |
| 3 | മുളക്കുളം | 48462 | 29804130 |
| 4 | ഞീഴൂർ | 47817 | 29407455 |
| 5 | തലയോലപ്പറമ്പ് | 68040 | 41844600 |
| 6 | വെള്ളൂർ | 66150 | 40682250 |
| ആകെ | | 356667 | 219350205 |